"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയിരിക്കെ മരണമടഞ്ഞ ശ്രീ സന്ദീപ്മോൻ പി യുടെ മാതാവ് ശ്രീമതി സൂസി എസ് ന് ക്ലർക്ക് തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് റദ്ദാക്കി, കൊല്ലം ജില്ലയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(കൈ) നം.145/2026/LSGD തീയതി,തിരുവനന്തപുരം, 10-11-2026

പരാമർശം:-

1. **24.05.1999** ലെ സ.ഉ(പി) നം. **12/99**/പി&എആർഡി.
2. **28.10.2024** ലെ സ.ഉ.(കൈ)നം. **154/2024**/എൽഎസ്ജിഡി.
3. **29.03.2025** ലെ സ.ഉ(അച്ചടി)നം. **4/2025**/പി&എആർഡി.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ **20.07.2026** ലെ **9308/2026**/ഡി.ഇ എഫ്**1** നമ്പർ കത്ത്.
5. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ **13.10.2026** ലെ എസ്.ഡി.**2/186(2)/2026**-ജി.എ.ഡി നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയിരിക്കെ മരണമടഞ്ഞ ശ്രീ സന്ദീപ്മോൻ പി യുടെ മാതാവ് ശ്രീമതി സൂസി എസ്- ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമിക്കുന്നതിന് അനുമതി നൽകി സൂചന **(2)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് ആശ്രിത നിയമന പദ്ധതി പ്രകാരം സർക്കാർ ഉത്തരവായിട്ടും നിയമനം നൽകുവാൻ ശേഷിക്കുന്നവരുടെ, ശ്രീമതി സൂസി എസ് ന്റെ

ഉൾപ്പടെയുള്ളവരുടെ പ്രോഫോർമ ബി പൊതുഭരണ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട അടിയന്തിര തുടർ നടപടികൾക്കായി പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിന് ലഭ്യമാക്കുകയും അത് പൊതുഭരണ (സർവീസസ്-ഡി) വകുപ്പിനു നൽകുകയും ചെയ്തിരുന്നു. ശ്രീമതി സൂസി എസ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക ഉൾപ്പടെ 5 തസ്തികകൾ ആണ് പ്രൊഫോർമ ബി യിൽ നൽകിയിരുന്നത്.

3. കൊല്ലം ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ ഒഴിവിലേക്ക് എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയിരിക്കെ മരണമടഞ്ഞ ശ്രീ സന്ദീപ്മോൻ പി യുടെ മാതാവ് ശ്രീമതി സൂസി എസ് ന് നിയമനം നൽകുന്നതിന് പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് പരാമർശം (5) പ്രകാരം നിയമന ശിപാർശ നൽകിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയിരിക്കെ മരണമടഞ്ഞ ശ്രീ സന്ദീപ്മോൻ പി യുടെ മാതാവ് ശ്രീമതി സൂസി എസ് ന്, തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമന അനുമതി നൽകി പുറപ്പെടുവിച്ച സൂചന (2) ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ട്, പരാമർശം (5) പ്രകാരമുള്ള പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന്റെ നിയമന ശിപാർശ പരിഗണിച്ച്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി, കൊല്ലം ജില്ലയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഉദ്യോഗാർത്ഥിക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകൾ ഉണ്ടെന്നും, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള എല്ലാ അനുബന്ധ രേഖകളും കൃത്യവും യഥാർത്ഥവുമാണെന്നും ഉറപ്പു വരുത്തി നിയമന ഉത്തരവ് നിയമനാധികാരി പുറപ്പെടുവിക്കേണ്ടതാണ്.

ii. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള നിയമനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം തെറ്റായ

വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമന ഉത്തരവ് പുറപ്പെടുവിച്ചതെന്ന് പരിശോധനയിൽ കണ്ടെത്തിയാൽ ടി നിയമന ഉത്തരവ് റദ്ദാക്കുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

iii. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രെജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JASMI O P

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ലാന്റ് റവന്യൂ കമ്മീഷണർ.

ജില്ലാ കളക്ടർ, കൊല്ലം.

ശ്രീമതി സൂസി എസ്, നെല്ലിവിള വീട്, കാഞ്ഞിരക്കോട്, കുണ്ടറ പി ഒ, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് **&** എ**&** ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്.

വെബ് **&** ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ കെ എം, തിരുവനന്തപുരം.

കരുതൽ ഫയൽ **(EPA3/533/2023-LSGD).**

ഉത്തരവിൻ പ്രകാരം
Digitally signed by Noushad. S
Date: 10-11-2026 14:37:13
സെക്ഷൻ ഓഫീസർ